DESPATCHED
On 03/06/2020

25/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**A.P.1266(1)/2019/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 11079/SIC-G4/2019**

**സന്നിഹിതൻ**

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. അബ്ദുള്ള പി.പി.<br>കുറ്റിയിൽ പൊറ്റ വീട്<br>വാഴയൂർ ഈസ്റ്റ് പി.ഒ., രാമനാട്ടുകര - 673633 | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സെക്രട്ടറി<br>വാഴയൂർ ഗ്രാമപഞ്ചായത്ത്<br>കാരാട് പറമ്പ് പി.ഒ., മലപ്പുറം - 673632<br><br>അസിസ്റ്റന്റ് എഞ്ചിനീയർ<br>വാഴയൂർ ഗ്രാമപഞ്ചായത്ത്<br>കാരാട് പറമ്പ് പി.ഒ., മലപ്പുറം - 673632<br><br>അപ്പീൽ അധികാരി &<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം<br>മലപ്പുറം | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. പി. മുരളി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ണാടിപ്പറമ്പ് താഴം-ചിറക്കൽ റോഡ് സംബന്ധിച്ചാണെന്ന തെറ്റായ നിഗമനത്തിൽ ടി റോഡ് ഫയൽ മാത്രം പരിശോധിച്ചാണ് രേഖ കൾക്കായി 100/- രൂപ ഫീസൊടുക്കാൻ നിർദ്ദേശിച്ചത് എന്നും ഹർജിക്കാരൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടി തെറ്റ് ബോധ്യമായി എന്നും അപ്പീൽ ഉത്തരവ് പ്രകാരം ഹർജിക്കാരന് വിവരങ്ങൾ സൗജന്യമായി നൽകാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട കണ്ണാടി പറമ്പ് താഴം-ചിറക്കൽ റോഡിന്റെ

sh

പ്രവൃത്തി മെഷർമെന്റ് ബുക്കിന്റെ പകർപ്പ് നൽകിയെന്നും കണ്ണാടി പറമ്പ് - വാഴയൂർ എന്ന പ്രകാരം ഒരു റോഡ് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന വിവരം ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം കണ്ണാടി പറമ്പ് താഴം-ചിറക്കൽ റോഡ് സംബന്ധിച്ചാണെന്ന ധാരണയിലാണ് ഹർജിക്കാരനോട് 100/- രൂപ ഫീസൊടുക്കാൻ നിർദ്ദേശിച്ചിരുന്നത് എന്നും അല്ലാതെ ബോധപൂർവ്വം ഹർജിക്കാരനെ തെറ്റിദ്ധരിപ്പിക്കാനായിരുന്നില്ല എന്നും ടി തെറ്റ് ബോധ്യമായ അവസരത്തിൽ ആയതു തിരുത്തി ശരിയായ വിവരം നൽകി എന്നും തെറ്റായ വിവരം നൽകണമെന്ന യാതൊരു ഉദ്ദേശ്യവും ടിയാന്റെ ഭാഗത്തുണ്ടായിരുന്നില്ല എന്നും മറ്റുമാണ്.

2. ടി വിശദീകരണം പരിശോധിച്ചതിലും കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും കണ്ണാടിപറമ്പ് - വാഴയൂർ എന്ന പേരിൽ ഒരു റോഡ് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഇല്ലെന്നു കാണുന്നു. ഇക്കാര്യത്തിൽ ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച വളരെ വിശദമായും സൂക്ഷ്മമായും ഹർജിക്കാരന്റെ അപേക്ഷ പഠിച്ചു മനസ്സിലാക്കി വിവരം നൽകുന്നതിൽ വന്ന ശ്രദ്ധക്കുറവ് മൂലമാണെന്നു കാണുന്നു. ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് സമർപ്പിച്ച നക്കൽ അംഗീകരിച്ച അവസരത്തിൽ ആയത് സൂക്ഷമമായി പരിശോധിക്കാത്തതിനാലാണ് മേൽപ്രകാരമുള്ള വീഴ്ച സംഭവിച്ചത് എന്നു കാണുന്നു. ആയത് ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയായിരുന്നെങ്കിലും ആയത് ബോധപൂർവ്വമോ മനഃപൂർവ്വമോ വരുത്തിയ ഒന്നാണെന്നു കമ്മീഷനു ബോധ്യമാകാത്തതിനാൽ, ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരായി നടപടികൾ കമ്മീഷൻ അവസാനിപ്പിക്കുന്നു.

3. മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റുനടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഈ ഉത്തരവ് ഇന്നേ ദിവസം **2020 മെയ് മാസം 25-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION, KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി



sh